**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3423** **26-06-2024 - ൽ മറുപടിയ്ക്ക്**

**വൻകിട കയ്യേറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര വൻകിട സർക്കാർ ഭൂമി കയ്യേറ്റങ്ങളുണ്ടെന്നും പ്രസ്തുത ഭൂമി കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഏതൊക്കെ കോടതികളിൽ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ; പ്രസ്തുത കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഈ കാലയളവിൽ കയ്യേറ്റ ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട എത്ര കേസുകളിൽ സർക്കാർ പരാജയപ്പെട്ടുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വൻകിട കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ വിവരം **അനുബന്ധം -1** ആയി ചേർക്കുന്നു.<br><br>സർക്കാർ ഭൂമി കയ്യേറ്റം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ഉൾപ്പെടുന്ന സിവിൽ വ്യവഹാരങ്ങളിൽ സർക്കാർ അഭിഭാഷകർ മുഖാന്തിരമാണ് കേസുകൾ വാദിച്ചു വരുന്നത്. ആയതിനാൽ സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച കേസുകൾക്ക് മാത്രമായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നുള്ള വിവരം റവന്യൂ വകുപ്പിൽ ലഭ്യമല്ല.<br><br>കയ്യേറ്റ ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് കോടതി വിധി എതിരായിട്ടുള്ള കേസുകളിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അത്തരം കേസുകൾ നിലവിൽ കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സർക്കാർ ഭൂമി തിരികെ പിടിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും എത്ര ഹെക്ടർ ഭൂമി തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതിന്റെയും വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ബി) | സർക്കാർ ഭൂമിയിലെ കയ്യേറ്റം സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 -ലെയും 1958 ലെ അനുബന്ധ ചട്ടത്തിലെയും, 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3778/2018/റവ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ |

| | | | |
|---|---|---|---|
| | | | ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർനടപടികൾ സ്വീകരിച്ചു വരുന്നു. 08/11/2008 ന് ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009 ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കയ്യേറ്റം ഒഴിപ്പിച്ച് തിരികെ ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച വിവരം **അനുബന്ധം - 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| ജില്ല | വൻകിട കയ്യേറ്റങ്ങളുടെ എണ്ണം | വൻകിട കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട കോടതി കേസുകളുടെ എണ്ണം, ഏത് കോടതിയിൽ |
|---|---|---|
| തിരുവനന്തപുരം | NIL | NIL |
| കൊല്ലം | 1 | |
| പത്തനംതിട്ട | NIL | NIL |
| ആലപ്പുഴ | NIL | NIL |
| കോട്ടയം | 11 | - |
| ഇടുക്കി | 18 | 15-ബഹു.ഹൈക്കോടതി |
| എറണാകുളം | 19 ( കണയന്നൂർ താലൂക്ക് )<br>1 (പറവൂർ താലൂക്ക് )<br>1 ( കോതമംഗലം താലൂക്ക്) | 15-ബഹു.ഹൈക്കോടതി<br>4- ജില്ലാ കോടതി<br>1- സുപ്രീം കോടതി |
| തൃശ്ശൂർ | 11 ( ചാലക്കുടി താലൂക്ക്) | 1- ചാലക്കുടി മുൻസിഫ് കോടതി (EP 272/18,<br>IMC-OS 445/1978) |
| പാലക്കാട് | 1 (ചിറ്റൂർ താലൂക്ക് ) | ബഹു.ഹൈക്കോടതി<br>WP (C) 32366/2019 |
| മലപ്പുറം | 3 (പൊന്നാനി താലൂക്ക് )<br>1 ( കൊണ്ടോട്ടി താലൂക്ക് ) | 3- ബഹു.ഹൈക്കോടതി<br>1- പരപ്പനങ്ങാടി മുൻസിഫ് കോടതി ( OS 46/2012) |
| കോഴിക്കോട് | 1 (കല്ലായിപ്പുഴ കയ്യേറ്റം) | CoC2130/21 on WP (C) 8588/19 - ബഹു.ഹൈക്കോടതി<br>OS 298/22, OS 590/22 - ബഹു.കോഴിക്കോട് ജില്ലാ കോടതി |
| വയനാട് | 5 | 4 - ബഹു.ഹൈക്കോടതി<br>1- ജില്ലാ കോടതി |
| കണ്ണൂർ | 4 | 4- ബഹു.ഹൈക്കോടതി ,<br>മുൻസിഫ് കോടതി |
| കാസർഗോഡ് | NIL | NIL |

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ വൻകിട കയ്യേറ്റം, ചെറുകിട കയ്യേറ്റം എന്നിങ്ങനെ തരം തിരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതായും ഭൂമി കയ്യേറ്റം സംബന്ധിച്ച് 148 കേസ്സുകൾ ഉള്ളതും ആയതിൽ 72 സിവിൽ കേസുകൾ വിവിധ കോടതികളിൽ നിലവിലുള്ളതായും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിൽ കയ്യേറ്റഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ സെഷൻസ് കോടതിയിലെ AS 7/21, എറണാകുളം 3rd മുൻസിഫ് കോടതിയിലെ OS 1302/2007 എന്നീ കേസുകളിൽ സർക്കാരിനെതിരായി ഉത്തരവ് ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ മുട്ടിൽ നോർത്ത് വില്ലേജിൽ ശ്രീ.ദേവിപ്രസാദ് മുതൽ പേർ കയ്യേറി കൈവശം വച്ചു വരുന്ന 24.4040 ഹെക്ടർ സർക്കാർ ഭൂമി ഒഴിപ്പിച്ച് സർക്കാരിലേക്ക് ഭൂമി നിക്ഷിപ്തമാക്കിയിരുന്നു. തുടർന്ന് കക്ഷികൾ ബഹു.ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും കക്ഷികൾക്ക് അനുകൂലമായി കോടതി ഉത്തരവായതിനെ തുടർന്ന് WA 2227/2019 നമ്പറായി ബഹു.ഹൈക്കോടതി മുമ്പാകെ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആയതിന്മേൽ ഉത്തരവുകളൊന്നും ലഭ്യമായിട്ടില്ലാത്തതുമാണ്.

**അനുബന്ധം – 2**

| **ജില്ല** | **വിസ്തീർണ്ണം (ഹെക്ടറിൽ)** |
|---|---|
| തിരുവനന്തപുരം | 37.7095 |
| കൊല്ലം | 2.5041 |
| പത്തനംതിട്ട | 07.6989 |
| ആലപ്പുഴ | 8.70118 |
| കോട്ടയം | 1.5932 |
| ഇടുക്കി | 193.4907 |
| എറണാകുളം | 12.4468 |
| തൃശ്ശൂർ | 17.5708 |
| പാലക്കാട് | 28.2804 |
| മലപ്പുറം | 2.5701 |
| കോഴിക്കോട് | 4.75859 |
| വയനാട് | 31.8242 |
| കണ്ണൂർ | 0.7058 |
| കാസർഗോഡ് | 8.2118 |
| **ആകെ** | **358.06607** |